ശ്യമാണെന്നകാര്യം അവക്കു ബോദ്ധ്യപ്പെട്ടുകയും ചെയ്തു. അതിനാൽ ചീഫ് എൻജിനീയരും ലാൻറുറവന്യൂ കമ്മിഷണരുംകൂടി മേലാൽ അവിടെ അടിയുന്ന എക്കൽ എടുത്തു മാറുവാൻ എല്ലാവരെയും അനുവദിക്കുകയാണു ചെയ്തത്.

MR. P. K. RAMAN: അവിടെ എക്കൽ കൂടുതൽ ഉണ്ടാകുന്നതു കൃഷിക്കാർക്കു നല്ലതാണെന്നറിയാമോ?

HON'BLE MR. C. KESAVAN: അറിയാം.

MR. P. K. RAMAN: അതുകൊണ്ടു കൂടുതൽ എക്കൽ അടിയുന്നതിനു കൂടുതൽ വിസ്തീർണ്ണമുള്ളസ്ഥലം ആവശ്യമാണെന്നും, അതുകൊണ്ടു എക്കൽ അടിയുന്നതിനു ഉപയുക്തമായ സ്ഥലത്തിന്റെ വിസ്തീർണ്ണം വർദ്ധിപ്പിക്കേണ്ടതാണെന്നും ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

HON'BLE MR. C. KESAVAN: ഈ കാൺട്രാക്ടിന്റെ പിരിയഡു കഴിഞ്ഞാൽ, എക്കൽ എത്രയും വേഗത്തിൽ അവിടെ നിന്നും മാറേണ്ടിയിരിക്കുന്നതുകൊണ്ടു്, ആ കാര്യത്തെപ്പറ്റി ആലോചിക്കുന്നതാണു്.

MR. P. K. RAMAN: ഇപ്പോൾ ഒരു ലിംഗ്സു വിസ്തീർണ്ണത്തിൽ ഒരു തോടുവെട്ടുവാനാണു് ഗവണ്മെൻറു തീരുമാനിച്ചിരിക്കുന്നതു്. കൂടുതൽ സ്ഥലവിസ്തീർണ്ണതയോടുകൂടി ഈ തോടു വെട്ടേണ്ടതിന്റെ ആവശ്യമുണ്ടെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

HON'BLE MR. C. KESAVAN: ഇപ്പോൾ ഉള്ള സ്ഥലത്തു് എത്ര മാത്രം എക്കൽ ഉണ്ടാകുമെന്നു ഗവണ്മെൻറിനു നിശ്ചയമില്ല. ഉള്ള എക്കൽ എടുത്തുകഴിഞ്ഞാൽ അവിടെ കൂടുതൽ എക്കൽ വന്നടിയുമെന്നാണു വിശ്വാസം.

ബമ്മായിലേക്കു ഒരു നിവേദകസംഘം.

301. MR. E. BHASKARAN (*Karunagapally I—Araya*): താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ രാജ്യത്തെ ചെമ്മീൻ വ്യവസായത്തിന്റെ ഒരു പ്രധാനവിഭാഗമായ ബമ്മയിലേക്കു, ആ വ്യവസായത്തിന്റെ ഇപ്പോഴത്തെ ദുരിതാവസ്ഥയെ നീക്കം ചെയ്യുന്നതിനു് വല്ല മാർഗ്ഗവുമുണ്ടോ എന്നന്വേഷണം നടത്തി വസ്തുതകൾ ശേഖരിക്കുന്നതിനു് ഒരു നിവേദകസംഘത്തെ അയയ്ക്കുണ്ടെന്നു വ്യവഹാരനമ്പർ ചെമ്മീൻവ്യവസായസഹകരണസംഘം അപേക്ഷിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. K. M. KORAH: (ഏ) ഒവുങ്കുഴി-ാംനമ്പർ ചെമ്മീൻ വ്യവസായ സഹകരണസംഘം ഒരു ഉദ്യോഗസ്ഥനെ ബമ്മായിലേക്കു അയയ്ക്കണമെന്നു അപേക്ഷിച്ചിരുന്നു

(ബി) ബമ്മായിലേക്കു നിവേദകസംഘത്തെ അയയ്ക്കാനുള്ള സാദ്ധ്യതകളെക്കുറിച്ചു് ഗവണ്മെൻറു് അവധാനപൂർവ്വം ആലോചിച്ചു വരികയാണു.

MR. E. BHASKARAN: ബമ്മായിൽ നിലവിലിരിക്കുന്ന ഇംപോർട്ടു ലൈസൻസുവ്യവസ്ഥമൂലം ചെമ്മീൻ കച്ചവടത്തിനു ഹാനിസംഭവിക്കുന്നുണ്ടെന്നു ഗവണ്മെൻറിനറിയാമോ?

HON'BLE MR. K. M. KORAH: ബമ്മായിലിരിക്കുന്ന വ്യവസ്ഥ ഇവിടത്തെ വ്യവസായികൾക്കു ഉപദ്രവകരമാണെന്നറിയാം.

MR. E. BHASKARAN: ആ നിലയ്ക്കു് നിവേദകസംഘത്തിനു് ബമ്മായിലേക്കു് പോകുവാൻ പെർമിറുകൊടുക്കുന്നതു് ആവശ്യമാണെന്നതോന്നുന്നില്ലേ?

HON'BLE MR K. M. KORAH: അതുസംബന്ധിച്ചു നമ്മുടെ ഗവണ്മെൻറും ഇൻഡ്യാഗവണ്മെൻറുമായി എഴുത്തുകുത്തുകൾ നടത്തിവരികയാണു്. സ്റ്റാൻഡസ്റ്റിൽ എജിമെൻറു് അനുസരിച്ചു് ഇതു ഫോറിൻ അഫയേഴ്സിൽ ഉൾപ്പെട്ടതുകൊണ്ടു ഇൻഡ്യാഗവണ്മെൻറു മുഖേന ഇതുസംബന്ധിച്ചുള്ള ആലോചനകൾ നടത്തേണ്ടിയിരിക്കുന്നു. അതു കഴിഞ്ഞാൽ നിവേദകസംഘത്തെ ബമ്മായിലേക്കു അയയ്ക്കുന്നതിനു മടിക്കുന്നതല്ല.

MR. V. GANGADHARAN NAIR (*Quilon III—General*): ബമ്മാഗവണ്മെൻറിൻെറ ദൃഷ്ടിയിൽ ഇതു കൊണ്ടുവരുവാൻ കൊച്ചീഗവണ്മെൻറു ശ്രമിക്കുന്നുണ്ടെന്നറിയാമോ?

HON'BLE MR. K. M. KORAH: അതേപ്പറ്റി എനിക്കു അറിവില്ല. ഇൻഡ്യാഗവണ്മെൻറുമുഖേന ഈകാര്യം ബമ്മാഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെടുത്തുന്നതു് നന്നായിരിക്കുമെന്നുള്ള അഭിപ്രായമാണു ഗവണ്മെൻറിനുള്ളതു.

MR. K. A. MUHAMMED: ഈ വ്യവസായത്തിൻെറ നിലനിൽപ്പിനു ഈ കാര്യത്തെപ്പറ്റി വളരെ വേഗത്തിൽ ഒരു തീരുമാനമുണ്ടാക്കേണ്ടതു ആവശ്യമാണെന്നു ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

HON'BLE MR. K. M. KORAH: ഉണ്ടു്. ഇതു വളരെ ആളുകളെ ബാധിക്കുന്ന ഒരു കാര്യമാണെന്നു ഗവണ്മെൻറിനറിയാം.

LIBRARY ARCHIVES Kerala Legislative Assembly

MR. V. GANGADHARAN NAIR : ഇവിടത്തെ ചെമ്മീൻ വ്യവസായികർക്കു കൽക്കട്ടയിലെ ആളുകളുമായി മത്സരിക്കേണ്ടതായിട്ടുണ്ടെന്നു ഗവണ്മെൻറിനറിയാമോ?

HON'BLE MR. K. M. KORAH: അറിയാം. തന്നിമിത്തം ഇവിടത്തെ വ്യവസായികർക്ക് പല വിധത്തിൽ ഉദ്ഭവമുണ്ടാകുന്നുണ്ടെന്നും അറിയാം

MR. PRESIDENT : ആർ.ഡർ, ആർ.ഡർ. ചോദ്യോത്തരങ്ങൾക്കുള്ള സമയം കഴിഞ്ഞു.

MR V. O. MARKOS : സർ, ഒരു പോയിൻറ് ആഫ് ആർഡർ. ഫൈവ് ചോദ്യങ്ങളാണ് ഇവിടെ അംഗീകരിക്കപ്പെട്ടിട്ടുള്ളതെന്ന് ഇവിടെ പ്രസ്താവിച്ചിട്ടുണ്ട്. ആ തോതുവച്ചു നോക്കിയാൽ ഇന്നേദിവസംവരെകൂടിച്ചു ചോദ്യങ്ങൾ മാത്രമെ അങ്കൻറായിൽ ചേർത്തിട്ടുള്ളു; ആ ചോദ്യങ്ങൾക്കു മുഴുവനും തന്നെ ഉത്തരം പറയാൻ സാധിച്ചിട്ടുമില്ല. പല ഉപചോദ്യങ്ങളുംകൊണ്ട് സമയം പാഴാക്കുകയാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ടു കൂടുതൽ ചോദ്യങ്ങൾ ചോദിക്കാനുള്ള സൗകര്യത്തിനു വേണ്ടി അങ്കൻറായിൽ ചോദ്യങ്ങളുടെ നമ്പർ കൂട്ടണം

MR. PRESIDENT: ഇന്നു ഉത്തരം പറയുന്നതിലേക്കു 5 ചോദ്യങ്ങൾ മാത്രമേ തയാറാക്കി അയച്ചിട്ടുള്ളു. അവയുടെ ഉത്തരം പറഞ്ഞപ്പോൾതന്നെ മണിക്കൂർ ഒന്നു കഴിഞ്ഞു. ഉപചോദ്യങ്ങൾ കുറയ്ക്കുവാൻ മെമ്പറന്മാർ ശ്രമിക്കേണ്ടതാണ്.

ADJOURNMENT MOTION.

MR. PRESIDENT : ബഹുമാനപ്പെട്ട മി. കൃഷ്ണൻശാസ്ത്രി കുറുങ്ങാടിയന്തിരപ്രമേയത്തിനു് ഇവിടെ നോട്ടീസു തന്നിട്ടുണ്ടു്. അതു ഞാൻ സഭയിൽ വായിക്കാം.

"ബാലരാമപുരത്തു് ഒരു പുലയ കുടുംബത്തെ കുടിയിറക്കുന്നതിനു വേണ്ടി കുടുംബാംഗങ്ങളെ മൃഗീയമായവിധം മർദ്ദിക്കുകയും പുലയനെ ഒരു തെങ്ങിൽ കൈയ്കാലുകൾ കൂട്ടിക്കെട്ടി തലകീഴായി നിറുത്തുകയും ചെയ്തിരിക്കുന്നു. കുടിയിറക്കുന്നതിനുവേണ്ടി നടത്തുന്ന ഈദൃശസംഭവങ്ങളെപ്പറ്റി ചർച്ചചെയ്യുന്നതിനു് സഭാനടപടികൾ നിറുത്തിവയ്ക്കണമെന്നു് അഭ്യർത്ഥിക്കുന്നു."

ഈ കുടിയന്തിരപ്രമേയത്തെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രിക്കു് എന്തെങ്കിലും അഭിപ്രായമുണ്ടെങ്കിൽ അറിഞ്ഞാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly